MONDAY

തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) 16-08-2021

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഓണസമൃദ്ധി 2000 നാടൻ പഴം-പച്ചക്കറി കർഷക ചന്തകളുടെ **സംസ്ഥാനതല ഉദ്ഘാടനം** ഇന്ന് (ആഗസ്റ്റ് 16) വൈകിട്ട് 3.30 മണിക്ക് തിരുവനന്തപുരം പാളയം ഹോർട്ടികോർപ്പിൽ വച്ച് കേരള മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ് ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും. കർഷക കൂട്ടായ്മകൾ ഉത്പാദിപ്പിച്ച നാടൻ ഉത്പന്നങ്ങളുടെ ഏറ്റുവാങ്ങൽ വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടിയും പച്ചക്കറിയുടെ ആദ്യ വിൽപ്പന ഗതാഗതവകുപ്പ് മന്ത്രി ആന്റണി രാജുവും പ്രകൃതി സൗഹൃദ കൃഷിയിലൂടെ ഉൽപാദിപ്പിച്ച ഉത്പന്നങ്ങളുടെ ഏറ്റുവാങ്ങൽ ഭക്ഷ്യ പൊതുവിതരണ വകുപ്പു മന്ത്രി ജി. ആർ. അനിലും നിർവഹിക്കും.

2. ഓണസമൃദ്ധി 2021 എന്ന പേരിൽ സംസ്ഥാനത്തുടനീളം 17-08-2021 മുതൽ 20-08-2021 വരെ സംഘടിപ്പിക്കുന്ന **2000 നാടൻ പഴം - പച്ചക്കറി കർഷക ചന്തകളിലൂടെ** പ്രാദേശിക കർഷകരിൽ നിന്നും പച്ചക്കറികൾ പൊതു വിപണിയിലെ സംഭരണ വിലയെക്കാൾ 10 ശതമാനം അധിക വിലയ്ക്ക് സംഭരിയ്ക്കുകയും പൊതുവിപണി വിൽപ്പന വിലയേക്കാൾ 30 ശതമാനം വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും. ഇതോടൊപ്പം ഉത്തമ കൃഷി മുറയിലൂടെ ഉൽപാദിപ്പിച്ച പച്ചക്കറികൾ പൊതു വിപണിയിലെ സംഭരണ വിലയെക്കാൾ 20 ശതമാനം അധിക വിലയ്ക്ക് സംഭരിക്കുകയും പൊതുവിപണി വിൽപ്പന വിലയേക്കാൾ 10

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ശതമാനം വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

3. സംസ്ഥാന **കർഷകദിനത്തിന്റെ ഉദ്ഘാടനം** ചിങ്ങം 1 (ആഗസ്റ്റ് 17) രാവിലെ 9.30 മണിക്ക് ആലപ്പുഴ ജില്ലാ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ പി.പി. സ്വാതന്ത്ര്യം സ്മാരക കമ്മ്യൂണിറ്റി ഹാളിൽ കൃഷിവകുപ്പ് മന്ത്രി പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും. ചടങ്ങിൽ ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ കർഷക-കർഷകതൊഴിലാളികളെ ആദരിക്കും.

**പരിശീലന പരിപാടികൾ**

4. തലയോലപ്പറമ്പ് മൃഗസംരക്ഷണപരിശീലന കേന്ദ്രത്തിൽ നിന്നും ഇന്ന് (ആഗസ്റ്റ് 16-ന്) **കാടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9188522706** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും പരിശീലനത്തിന്റെ പേരും വാട്ട്സാപ്പ് സന്ദേശമായി അയച്ചു നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിശദ വിവരങ്ങൾക്ക് **04829 234323** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (ആഗസ്റ്റ് 16,17) **പന്നി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. **0471 – 2732918, 9188522701.**

6. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (സമേട്ടിയുടെ) ആഭിമുഖ്യത്തിൽ നാളെ (ആഗസ്റ്റ് 17-ന്) **കാർഷിക മേഖലയിലെ ജൈവ സുരക്ഷ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. **സമേതി കേരളയുടെ**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**SametiKeralaExtensionEducationChannel.education** എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിവരങ്ങൾക്ക് 0471 – 2740440 എന്ന നമ്പരിലോ sametikerala@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

7. കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (17/08/2021 ന്) രാവിലെ 10.30 മണി മുതൽ വയനാട് ജില്ലയിലെ ക്ഷീര സംഘങ്ങളിലെ ലാബ് അസിസ്റ്റന്റുമാർക്ക്/പ്രോക്യൂർമെന്റ് അസിസ്റ്റന്റുമാർക്ക് **ഭക്ഷ്യ സുരക്ഷ നിയമം – 2006, പാൽ ഗുണനിലവാരത്തിന്റെ പ്രാധാന്യം, പരിശോധന ലാബ് സജ്ജീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ലാബിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ** (http://meet.google.com/hst-uyqt-emb) എന്ന വിഷയത്തിലും ഉച്ചക്ക് 2 മണിക്ക് **പാൽ ഗുണനിലവാര പരിശോധന, രാസവസ്തുക്കളുടെ പ്രിപ്പറേഷൻ, ടെസ്റ്റിംഗ് ഉപകാരണങ്ങളുടെ പ്രവർത്തനം, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ** (http://meet.google.com/wdb-rfct-yjv) എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു.

8. വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള തീറ്റപ്പുൽകൃഷി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 18-ന് രാവിലെ 10.30 മുതൽ **ഹൈഡ്രോപോണിക്സ് ആന്റ് മെക്കനൈസേഷൻ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ **9400831831** എന്ന വാട്ടസാപ്പ് നമ്പരിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2501706** എന്ന നമ്പരിലോ sfftraining2021@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കേരള സർവകലാശാല കാർഷിക നിർദ്ദേശങ്ങൾ**

9. നെൽപ്പാടങ്ങളിൽ നെൽച്ചെടിയെ ബാധിക്കുന്ന പോളരോഗം കണ്ടുവരുന്നു. പാടങ്ങളിൽ നെൽച്ചെടിയുടെ കടഭാഗത്തു നിന്ന് തുടങ്ങുന്ന പൊള്ളിയ പോലുള്ള പാടുകളാണ് ഈ രോഗത്തിന്റെ ലക്ഷണം. ഓലയുടെ പോളയുടെ മുകളിൽ കാണുന്ന ഈ പാടുകൾ രോഗം അധികരിക്കുമ്പോൾ ഇലകളിലേക്കു വ്യാപിക്കുകയും ഇലകൾ കരിഞ്ഞു പോകുകയും ചെയ്യുന്നു. ഈ രോഗം ബാധിക്കാതിരിക്കാനുള്ള മുൻകരുതലായി ട്രൈക്കോഡെർമ ഏക്കറിന് ഒരു കിലോ എന്ന കണക്കിൽ ഞാറു പറിച്ചു നട്ടു ഒരാഴ്ചക്ക് ശേഷം ജൈവവളവുമായി കലർത്തി പാടത്തു ഇട്ടുകൊടുക്കാം. കൂടാതെ പറിച്ചു നട്ടു ഒരു മാസത്തിനു ശേഷം ഇത് 10 ഗ്രാം ഒരു ലിറ്ററിന് എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗം അധികരിക്കുന്ന സാഹചര്യത്തിൽ പ്രൊപികൊണസോൾ ഒരു മിലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചുകൊടുക്കാവുന്നതാണ്.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**